# വിഗ്രഹാർത്ഥം

പി. പി. രാമചന്ദ്രൻ

ഒരിയ്ക്കൽ
ഒരു മലയാളം മാസ്റ്ററുടെ വായിൽനിന്ന്
നന്നേ ക്ലേശിച്ച് ഉച്ചരിക്കയാൽ
മേലാസകലം തുപ്പൽ പുരണ്ട
ഒരു കഠിന സമസ്തപദം
തറയിലേയ്ക്കു തെറിച്ചു വീഴുകയും
ഭാഗ്യവശാൽ,
മുൻനിരയിലെ പോക്കിരികളുടെ
കണ്ണുവെട്ടിച്ച്
നൂറുകാലിൽ ഇഴഞ്ഞ് അത്
ക്ലാസുമുറിയുടെ പുറത്തുകടക്കുകയും
കണ്ണില്ലാത്തതിനാൽ
ദിശയറിയാതെ കൂന്നും നിവർന്നും
ആവോളം വേഗത്തിൽ
കയറിയൊളിക്കാൻ ഒരു പഴുതന്വേഷിച്ചു
പുറപ്പെടുകയും
അങ്ങനെ
വരാന്തയിലൂടെ ഇഴഞ്ഞിഴഞ്ഞ്
ദുർഗന്ധം വമിക്കുന്ന
ഒരു കുഴലിനുള്ളിലൂടെ കടന്ന്
നനവും മിനുസവുമുള്ള
ഒരു തുറന്ന സിമന്റു ചാലിൽ
എത്തിപ്പെടുകയും
അപ്രതീക്ഷിതമായി
ഇളംചൂടുള്ള ഒരു ജലധാരയ്ക്കടിപെട്ട്
ഞെളിപിരികൊള്ളാൻ
വിധിക്കപ്പെടുകയും
അപ്പോൾ
മൂത്രപ്പുരയിൽ
താൻ കണ്ട വിചിത്ര ജീവിക്കു നേരെ,
ഭീകരവവാദിയെക്കണ്ട അമേരിക്കൻ ഭടനെപ്പോലെ
ഉന്നം പിടിച്ചു നിറയൊഴിച്ചു കൊണ്ടിരുന്ന പയ്യൻ
പെട്ടെന്ന് പുതിയൊരാശയത്താൽ പ്രചോദിതനായി
എവിടെ നിന്നോ
ഒരു ചൂരൽ വടി സംഘടിപ്പിച്ചെത്തുകയും
ആ സമസ്തപദത്തെ
നിഷ്പ്രയാസം വിഗ്രഹിച്ച്
ഘടകപദങ്ങളാക്കി വേർതിരിക്കുകയും
ചെയ്തു.

'ഹരിതകം', വട്ടംകുളം, മലപ്പുറം

# പരിക്രമ

എസ്. ഉണ്ണികൃഷ്ണൻ



വെള്ളമില്ലാത്തമോണകാട്ടി
കാവേരി ചിരിക്കുന്നു
കമ്പിളിപുതച്ച ഒരാട്
ശാരദയിൽ വെയിൽ കായുന്നു
പന്നികൾ പുളയുന്ന ചേരിയിൽ നിന്ന്
ഗോദാവരിയിലേക്കുള്ള പടവുകൾ
കന്നുകളും കാലികൊക്കുകളും
പെണ്ണാർ പാട്ടത്തിനെടുക്കുന്നു
ഗ്രാമീണ ചന്തകളുടെ നിഴലുകളോടെ
മഹാനദിയുറങ്ങാൻ പോകുന്നു
എത്ര അലക്കിയിട്ടും യമുനയുടെ കരയിൽ
പണി തീരാത്തവരുടെ കുത്തിയിരിപ്പുകൾ
പരിപ്പും തുവരയും കടലയും ചേർന്ന
ഐക്യ മുന്നണികളിൽ
വെള്ളമില്ലാത്ത കൃഷ്ണയുടെ കനാലുകൾ
വിള്ളൽ വീഴ്ത്തുന്നു
കടുകുപാടങ്ങളുടെ മഞ്ഞച്ചായം
മലകളുടെ അടിവാരത്തിൽനിന്ന്
കോസി നദിയായി ഒലിച്ചിറങ്ങുന്നു
പ്ലാറ്റുഫോമുകളിലടികൂടുന്ന
മുറുക്കിച്ചുവപ്പിച്ച മൈനകൾ
തുംഗഭദ്രയിലേക്ക് കോളാമ്പി ചരിക്കുന്നു
പാളം പുതുക്കി പണിയുന്നവർക്ക്
എന്നും ഭാരതപ്പുഴയുടെ പൈതൃകം
തീവണ്ടി ജനലിൽ കൂപ്പുകൈയുമായി
ദാരിദ്ര്യത്തിന്റെ സമ്പന്നവളകളണിഞ്ഞ
സുവർണ രേഖകൾ
ദേശാടനത്തിനിറങ്ങിയ ഗംഗ
വരണ്ട തണ്ണീർത്തടങ്ങളുടെ
തറവാട്ടു മുറ്റത്തിരുന്ന്
കട്ടൻകാപ്പി കുടിക്കുന്നു.
ചോർന്നുപോയ ഒരു ജന്മം പോലെ
സരയുവും തമസായും
ഇടിയുന്ന കരകളുടെ സന്ധിയിൽ......

'കാർത്തിക', മണലാറ്റിൽ, ഒല്ലൂർ പി.ഒ.